(സി) ചാല കമ്പോളം ഉൾപ്പെടുന്ന സർക്കിൾ അതിർത്തിയിലെ വിൽപ്പന നികുതി പിരിവിൽ മാന്ദ്യം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ മാന്ദ്യം മാറ്റുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) 15/2/2000-ൽ വിൽപ്പന നികുതി ഇന്റലിജൻസ് വിഭാഗം ചാല പവർഹൗസ് റോഡിലുള്ള എസ്.എസ്. എന്റർപ്രൈസസ് എന്ന സ്ഥാപനം പരിശോധിക്കാൻ എത്തിയ വേളയിൽ വ്യാപാരി മറ്റു വ്യാപാരികളുടെ സഹായത്തോടുകൂടി പരിശോധനാ ഉദ്യോഗസ്ഥൻമാരെ തടയുകയും വ്യാപാരസ്ഥാപനം താഴിട്ട് പൂട്ടുകയും ചെയ്തു. നിയമപ്രകാരമുള്ള പരിശോധന തടസ്സപ്പെടുത്തിയതിനാൽ വിൽപ്പനനികുതി ഉദ്യോഗസ്ഥർ വ്യാപാരസ്ഥാപനം മേൽ നടപടികൾക്കായി സീൽ ചെയ്തു. ഈ നടപടിക്കെതിരെ വ്യാപാരി കേരള ഹൈക്കോടതിയിൽ ഒ.പി. നം.-5255/2000 ആയി കേസ് ഫയൽ ചെയ്യുകയും ബഹു. കോടതി 22.3.2000-ലെ വിധിപ്രകാരം വ്യാപാരിയോട് വിൽപ്പന നികുതി ഉദ്യോഗസ്ഥൻമാരുമായി സഹകരിക്കാൻ നിർദ്ദേശിക്കുകയും അതിൻപ്രകാരം 23.2.2000-ൽ മേപ്പടി സ്ഥാപനം തുറന്ന് പരിശോധനാ വിധേയമാക്കുകയുണ്ടായി.

(സി)&(ഡി) മാന്ദ്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പിരിച്ചെടുക്കാനുള്ള നികുതി

29 (295)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. പി.കെ.കെ. ബാവ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97 സാമ്പത്തിക വർഷം മുതൽ ഇതുവരെ നികുതി പിരിഞ്ഞ് കിട്ടാനുള്ള തുക ഓരോ വർഷവും എത്ര; എന്തുതുക ഓരോ വർഷവും പിരിച്ചെടുത്തു;

(ബി) നികുതി കുടിശ്ശിക പിരിക്കുന്നതിന് എത്ര കേസ്സുകളിൽ ആർ. ആർ. ആക്ട് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്; ഇതെല്ലാം കൂടി മേൽപ്പറഞ്ഞ കാലാവധി മുതൽ മൊത്തം എന്തുതുക പിരിച്ചെടുക്കാനുണ്ട്;

(സി) നികുതി പിരിക്കുന്ന നടപടികൾ സ്റ്റേ ചെയ്തുകൊണ്ട് എത്ര കേസ്സുകളിൽ ഉത്തരവ് നൽകിയിട്ടുണ്ട്;

(ഡി) ആകെ എത്ര രൂപയ്ക്കുള്ള നികുതി കുടിശ്ശികയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്റ്റേ ഉത്തരവ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പിരിഞ്ഞുകിട്ടാനുള്ള തുക (കോടി)

	വിൽപ്പന നികുതി	കാർഷികാദായ നികുതി
1996-97	3162.30	28.35
1997-98	3707.96	30.60

LIBRARY ARCHIVES Kerala Legislative Assembly

1998-99	4438.65	26.00
1999-2000	5457.85	29.65

പിരിച്ചെടുത്ത തുക (കോടി)

	വിൽപ്പന നികുതി	കാർഷികാദായ നികുതി
1996-97	2772.28	12.10
1997-98	3084.08	21.38
1998-99	3366.62	27.02
1999-2000	3875.50	14.23

മറ്റു വകുപ്പുകളിലെ നികുതി പിരിവിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) വിൽപ്പന നികുതി- കാർഷികാദായ നികുതി എന്നീ ഇനങ്ങളിൽ 58 കേസ്സുകളിൽ.

(ഡി) വിൽപ്പന നികുതി, കാർഷികാദായ നികുതി എന്നീ ഇനങ്ങളിൽ 12.01 കോടി രൂപയ്ക്ക്.

നികുതിവകുപ്പ് ഉദ്യോഗസ്ഥർ പിരിച്ച നികുതി

30 (296)ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷം നികുതിവകുപ്പ് ഉദ്യോഗ സ്ഥൻമാർ മുഖേന എത്രകോടി രൂപയുടെ നികുതി പിരിച്ചെടുത്തിട്ടുണ്ട്;

(ബി) ഇതിനുവേണ്ടി സർക്കാരിന് എന്തുതുക ചെലവായി;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും എന്തുതുക വിൽപന നികുതി ഇനത്തിൽ പ്രസ്തുത വർഷം ലഭിച്ചു;

(ഡി) കഴിഞ്ഞ സാമ്പത്തികവർഷം എത്ര കോടി രൂപയാണ് വിൽപ്പന നികുതിയിനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്നത്;

(ഇ) ആകെ എന്തുതുക ഈ ഇനത്തിൽ ലഭിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999-2000 സാമ്പത്തികവർഷം 3889.71 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ബി) 4279.35 ലക്ഷം രൂപ ചെലവായി.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കഴിഞ്ഞ സാമ്പത്തികവർഷം പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 3850 കോടി രൂപയാണ് പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്നത്.

(ഇ) 3875.50 കോടി രൂപ ലഭിച്ചു. (താൽക്കാലിക കണക്കുകൾ)

LIBRARY ARCHIVES Kerala Legislative Assembly